# കരിമുകളിലെ വിജയഗാഥ

കരിമുകളിലെ ഫിലിപ്സ് കാർബൺസമരത്തിന്റെ ഒന്നാം വാർഷികം ജൂലായ് 21 മുതൽ 26 വരെ കരിമുകളിൽ ആചരിച്ചു 21 ന് പരിസ്ഥിതി-വികസനം-ഭരണകൂടം എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ എം.ആർ. രാജേന്ദ്രൻ നായർ, സി.ആർ. നീലകണ്ഠൻ നമ്പൂതിരി, ജിയോ ജോസ്, ഡോക്ടർ. ആർ. നന്ദകുമാർ തുടങ്ങിയവർ പങ്കെടുത്തു. 23ന് തൃപ്പൂണിത്തുറ ആർ.എൽ.വി അക്കാദമിയിലെ കലാവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വലിയ ഒറ്റ ക്യാൻവാസിൽ ഐക്യദാർഢ്യ ചിത്രരചന നടത്തി. 26ന് വൈകീട്ട് നടന്ന 'ജീവൻ രക്ഷാ മഹാസംഗമ'ത്തിൽ ആയിരക്കണക്കിനു മനുഷ്യരും അവരുടെ വളർത്തു മൃഗങ്ങളും പങ്കെടുത്തു. ഭൂമിയിലെ വായുവും വെള്ളവും സകല ജീവരൂപങ്ങൾക്കും അവകാശപ്പെട്ടതാണെന്നു പ്രഖ്യാപിച്ച ആ സംഗമം ഡോ: സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്തു. പ്രൊഫ. എം.കെ. പ്രസാദ്, ജിയോ ജോസ് തുടങ്ങിയവർ പ്രസംഗിച്ചു തുടർന്ന് ആനന്ദ് പട്‌വർദ്ധന്റെ 'വാർ ആന്റ് പീസ്' എന്ന ചലച്ചിത്രം പ്രദർശിപ്പിച്ചു

ഇനിയുള്ള കാലത്ത് ആരു സമരം നടത്തിയാലും വിജയിക്കില്ലെന്ന ധാരണ പടർത്താനാണ് ഭരണകൂടങ്ങളും മാദ്ധ്യമങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും വ്യാവസായിക മലിനീകരണത്തിനെതിരായ സമരം. തൊഴിൽ നഷ്ടം, വികസനവിരുദ്ധത മുതലായ വാദങ്ങൾ ശക്തമായി ഉയർന്നു വരികയും ചെയ്യും. എന്നാൽ കേരളത്തിൽ (ഒരു പക്ഷേ ഇന്ത്യയിൽത്തന്നെ) ആദ്യമായി സ്വന്തം മണ്ണും വായുവും വെള്ളവും അതു വഴി മനുഷ്യരടക്കമുള്ള ജീവജാലങ്ങളുടെ ജീവിതവും തകർത്തുകൊണ്ടിരിക്കുന്ന ഒരു കുത്തകക്കമ്പനി - കരിമുകളിലെ ഫിലിപ്സ് കാർബൺ- ജനകീയ സമരങ്ങളുടെ മുന്നിൽ മുട്ടു മടക്കി. രണ്ട് പതിറ്റാണ്ടോളം മുമ്പ് ഇത് പ്രവർത്തനമാരംഭിച്ചപ്പോൾ മുതൽ തന്നെ മലിനീകരണമുണ്ടായിരുന്നു. ജനങ്ങളുടെ സമരവും ഉണ്ടായിരുന്നു. എന്നാൽ ഭരണകൂടത്തിന്റെയും രാഷ്ട്രീയകക്ഷികളുടെയും പണത്തിന്റെയും പിൻബലത്തിൽ ഈ സമരങ്ങളെ ഒതുക്കുകയായിരുന്നു. കഴിഞ്ഞ വർഷം ജൂലായ് 26ന് കരിമുകളിൽ അതിശക്തമായ കരിമഴ പെയ്തപ്പോൾ സഹനത്തിന്റെ നെല്ലിപ്പടി കണ്ട ജനങ്ങൾ ഇടപെട്ട് കമ്പനി നിർത്തിവെപ്പിച്ചു. അന്നു മുതൽ ഇന്നു വരെ തീർത്തും അഹിംസാത്മകമായ സമരം നടന്നു വരികയാണ്. കോടതിയിൽ കേസും തുടർന്നു. മേധാപട്കറടക്കമുള്ള ദേശീയ നേതാക്കളെത്തി സമരത്തിന് ആവേശം പകർന്നു. സമരം പല .വേദികളിൽ പല മുഖങ്ങളിൽ നടത്തി. ഇക്കാലമത്രയും കമ്പനി പ്രവർത്തിപ്പിച്ചിരുന്ന രണ്ട് പ്ലാന്റുകൾ അവർക്കു പൊളിച്ചു മാറ്റേണ്ടി വന്നു. (ഇവിടെ പൊളിക്കുന്ന യന്ത്രഭാഗങ്ങൾ നേരെ പശ്ചിമബംഗാളിലെ ദുർഗാപൂരിലേക്കാണ് കൊണ്ടുപോകുന്നതെന്നും കേൾക്കുന്നുണ്ട്.) അതെന്തായാലും 'രണ്ടു പതിറ്റാണ്ടുകാലമായി 'ഇവിടെ ഒരു മലിനീകരണവുമില്ല' എന്ന് മാനേജ്മെന്റും യൂണിയൻ നേതാക്കളും പറഞ്ഞിരുന്നത് അസത്യമായിരുന്നുവെന്ന് തെളിഞ്ഞുവല്ലോ. അതു തന്നെ ഈ സമരത്തിന്റെ പ്രാധാനനേട്ടമാണ്.

മലിനീകരണം നിയന്ത്രിക്കപ്പെട്ടതെന്നു പറഞ്ഞ് കൊണ്ട് സ്ഥാപിച്ച മൂന്നാമത്തെ പ്ലാന്റ് പരിശോധിച്ച് മലിനീകരണ വിമുക്തമാണെന്ന് നിയന്ത്രണബോർഡിന് ബോധ്യപ്പെട്ട് അംഗീകരിച്ചാൽ മാത്രമേ പ്രവർത്തിപ്പിക്കാവൂ എന്നാണ് ജൂൺ 10ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നൽകിയ ഉത്തരവ്. ആറു കോടി രൂപ മുടക്കി പുതിയ സംവിധാനങ്ങൾ സ്ഥാപിച്ചുവെന്ന് കമ്പനി പ്രചാരണം നടത്തിയിട്ടും ബോർഡ് ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. (ഈ സംവിധാനമില്ലാതെയാണല്ലോ രണ്ട് പതിറ്റാണ്ട് കാലം പ്രവർത്തിച്ചത്!) മലിനീകരണം നിയന്ത്രിക്കാനുള്ള 'ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം' ഇതുവരെ കാലിബ്രേറ്റ് ചെയ്യാൻ കമ്പനി തയ്യാറായിട്ടില്ല. സമരം തുടങ്ങി ഒരു വർഷമായിട്ടും കോടതി ഉത്തരവുണ്ടായിട്ടും ഇത് പ്രവർത്തിപ്പിക്കാൻ അവർ തയ്യാറാകാത്തത്, ഇതു കൊണ്ടും മലിനീകരണം തടയാനാവില്ലെന്നറിയാവുന്നതിനാലാണ്. ഇതു പ്രവർത്തിപ്പിച്ചാൽ മലിനീകരണം ബോദ്ധ്യപ്പെടും. ജനങ്ങൾ ഇത്ര കാലം സഹിച്ച ദുരിതങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ കമ്പനി ബാദ്ധ്യസ്ഥമാണെന്നും കോടതി വിധിച്ചു ഇതും ചരിത്രപരമെന്നു പറയാവുന്ന നേട്ടമാണ്.